LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലയിലെ ഭൂരഹിതരായവർക്ക് പട്ടയം

120 (2135) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ ഭൂരഹിതരായ എത്രപേർക്ക് ഭൂമി നൽകി; എത്ര പേർക്ക് പട്ടയം നൽകി; താലൂക്ക് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

364 മിച്ചഭൂമി പട്ടയങ്ങൾ നൽകി.

വൈത്തിരി	-155
സുൽത്താൻബത്തേരി	124
മാനന്തവാടി	-85
ആകെ	364

കൊല്ലങ്കോട് മണ്ഡലത്തിലെ പട്ടയ വിതരണം

121 (2136) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലങ്കോട് മണ്ഡലത്തിലെ എത്രപേർക്ക് ഈ സർക്കാർ പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ആളുകൾക്കാണ് പട്ടയം നൽകുവാൻ ബാക്കിയുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) റവന്യൂ ഭൂമി കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 249 പേർക്ക് മിച്ചഭൂമി പട്ടയം വിതരണം നടത്തിയിട്ടുണ്ട്.

(ബി) പതിച്ചു നൽകുവാൻ ഉത്തരവായിട്ടുള്ള മിച്ച ഭൂമിയിൽ പട്ടയം നൽകുവാൻ ബാക്കിയില്ല.

(സി) കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ എൽ.സി. ബുക്ക് ചെയ്ത് കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.